**ഭരണഭാഷ – മാതൃഭാഷ"**

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക.ജി . IAS)**

വിഷയം: വനിത ശിശുവികസന വകുപ്പ്- ഐസിഡിഎസ്- **അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക്കോഴിമുട്ടനൽകുന്നത്**-ആദ്യഘട്ടതുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സ. ഉ(സാധാ)നം. 288/2022/വ.ശി.വി.വ, തീയതി.30/06/2022.

**ഉത്തരവ് നമ്പർ DWCD/1048/2022-ICDSB3 തീയതി:19-07-2022**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6150.00 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം 44 ആഴ്ച (10 മാസം) മുട്ട വിതരണം ചെയ്യുന്നതിന് ആവശ്യമായ **30,00,00,000രൂപ (മുപ്പത് കോടി രൂപ മാത്രം** ) 2022-23 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **6150.00 ലക്ഷം** രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

ആദ്യ ഗഡുവായി ആവശ്യമായി വരുന്ന ഫണ്ടിന്റെ വിശദാംശം ശേഖരിച്ചതിൽ അങ്കണവാടികളിൽ അഞ്ച് മാസത്തേയ്ക്ക് കോഴിമുട്ട വിതരണം നടത്തുന്നതിന് ആകെ 85572000/- രൂപ ആവശ്യമുള്ളതായി പ്രോഗ്രാം ഓഫീസർമാർ അറിയിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ കോഴി മുട്ട വിതരണത്തിനാവശ്യമായ **85572000/-** രൂപ (എട്ടു കോടി അമ്പത്തി അഞ്ചത്തി ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക ആലോട്ടുമെന്റായി ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. (ലിസ്റ്റ് അന്യത്ര ചേർക്കുന്നു).

ശിശു വികസന പദ്ധതി ഓഫീസർമാർ മുട്ട വിതരണം ചെയ്യതിന് ശേഷം, ചെലവായ തുകയുടെ ബില്ലുകൾ അതത് മാസം ജില്ലാ ഓഫീസർക്ക് നൽകേണ്ടതും, ജില്ല ഓഫീസർമാർ ബില്ലുകൾ പരിശോധിച്ച്, ആവശ്യമായ തുക ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതുമാണ്.

ഇപ്രകാരം അനുവദിച്ച തുക ബന്ധപ്പെട്ട വിതരണ ഏജൻസിയ്ക്ക് കൈമാറിയതിന്റെ വിശദമായ വിവരം, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം സിഡിപിഒമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് 2022

ഡിസംബർ 15 ന് മുൻപായി ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.
ഇതു സംബന്ധിച്ച ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ നിന്നുംവഹിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്:

1. സൂപ്രണ്ട്, എ സെക്ഷൻ, പ്ലാനിംഗ് സെക്ഷൻ
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

Signature valid

Digitally signed by Priyanka G
Date: 2022.07.19 10:59:26 IST
Reason: Approved

| FUND Allotment FOR EGG DISTRIBUTION 5 MONTHS | | |
|---|---|---|
| Sl No. | District | Total Amount to each District |
| 1 | Thiruvanathapuram | 4104900 |
| 2 | Kollam | 5488200 |
| 3 | Pathanamthitta | 2927100 |
| 4 | Alappuzha | 4992500 |
| 5 | Kottayam | 4369700 |
| 6 | Idukki | 3347700 |
| 7 | Ernakulam | 6728500 |
| 8 | Thrissur | 6507000 |
| 9 | Palakkad | 7346600 |
| 10 | Malappuram | 18312400 |
| 11 | Kozhikode | 8915000 |
| 12 | Wayanad | 1798100 |
| 13 | Kannur | 6502800 |
| 14 | Kasargod | 4231500 |
| TOTAL | | 85572000 |
| EGG fund requirement :8,55,72000/- | | |
| Rupees Eight crore fiftyfive Lakh Seventytwo thousand Only | | |

[signature]

for Director of Women and Child Development